"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പേര് മാറ്റിയതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി ബുക്കിൽ പേര് തിരുത്തി നൽകുന്നതിനായി പരീക്ഷാ കമ്മീഷണർക്ക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(കൈ) നം.114/2022/GEDN തീയതി,തിരുവനന്തപുരം, 30-06-2022

---

പരാമർശം:-

1. സ.ഉ (എം.എസ്) 80/84/ജി.എ.ഡി തീയതി.14.03.1984
2. പരീക്ഷ ജോയിൻറ് കമ്മീഷണറുടെ 23.06.2022 ലെ ഇ.എക്സ്/സി 3/27355/2021/ഡിജിഇ നമ്പർ കത്ത്
3. കോടതിയലക്ഷ്യ കേസ് നമ്പർ 1083/2022.

<u>ഉത്തരവ്</u>

എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ പേര്, മതം, ജാതി എന്നിവ തിരുത്തി നൽകാൻ വ്യവസ്ഥയില്ല എന്ന് പരാമർശം 1 ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. ബുക്കിലെ പേരിലെ വ്യത്യാസം തിരുത്തി ലഭിക്കാത്തതിനാൽ നിരവധി പേർക്ക് മറ്റ സംസ്ഥാനങ്ങളിൽ/രാജ്യങ്ങളിൽ ഉപരിപഠനത്തിനും തൊഴിലിനും തടസ്സം നേരിടുന്ന കാര്യം അറിയിച്ചുകൊണ്ട് സർക്കാരിൽ ധാരാളം നിവേദനങ്ങൾ ലഭിച്ചിരുന്നു.

ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയതിനു ശേഷം എസ്.എസ്.എൽ.സി ബുക്കിലും പ്രസ്തുത മാറ്റം വരുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് നിരവധി അപേക്ഷകർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും എസ്.എസ്എൽ.സി ബുക്കിൽ പേര് തിരുത്തുന്നതിനുള്ള അനുകൂല വിധി സമ്പാദിക്കുകയും വിധി നടപ്പാക്കാത്തതിനാൽ കോടതിയലക്ഷ്യം ഫയൽ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പേര് മാറ്റിയതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി ബുക്കിൽ പേര് തിരുത്തി നൽകുന്നതിനായി അപേക്ഷിക്കുന്നവർക്ക്, അവരുടെ എസ്.എസ്.എൽ . സി ബുക്കിൽ, അപ്രകാരം തിരുത്തൽ വരുത്തി നൽകുന്നതിനായി പരീക്ഷാ കമ്മീഷണർക്ക അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ഇത സംബന്ധിച്ച കെ.ഇ.ആർ ഭേദഗതി പിന്നീട് വരുത്തുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
അക്കൗ.ജനറൽ, എറണാകുളം.
ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കൈറ്റ്, തിരുവനന്തപുരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
ഐ ആന്റ് പി ആർ.ഡി (വെബ് & ന്യൂ മീഡിയ) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
സ്റ്റോക്ക് ഫയൽ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 30-06-2022 14:47:06
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്